REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 28-11-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഛത്തീസ്ഗഡ് സന്ദർശനം നാളെ ആരംഭിക്കും.
- ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് സമാപനം.
- സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു.
- ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം ഒരു കോടി അറുപത്തി ഒന്നര ലക്ഷത്തോളമായെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ U കേൽക്കർ.
- സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് കണ്ണൂർ വാരിയേഴ്സ് FC - കാലിക്കറ്റ് FC മത്സരം.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കർണാടകയും, ഗോവയും സന്ദർശിക്കും. ഉഡുപ്പി ശ്രീകൃഷ്ണ മഠം സന്ദർശിക്കുന്ന അദ്ദേഹം, തുടർന്ന് ഗോവയിലെ ശ്രീ സംസ്ഥാൻ ഗോകർണ പാർത്ഥഗലി ജീവോത്തം മഠത്തിന്റെ 550-ാം വാർഷികാഘോഷങ്ങളിലും സംബന്ധിക്കും. മഠത്തിൽ 77 അടി ഉയരത്തിൽ സ്ഥാപിച്ച ശ്രീരാമ പ്രതിമ നരേന്ദ്രമോദി അനാവരണം ചെയ്യും.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഛത്തീസ്ഗഡ് സന്ദർശനം നാളെ ആരംഭിക്കും. റായ്പൂരിൽ പൊലീസ് മേധാവികളുടെയും, IG മാരുടെയും 60-ാമത് അഖിലേന്ത്യാ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും. മികച്ച സേവനത്തിന്

രാഷ്ട്രപതിയുടെ പുരസ്കാരം നേടിയവർക്ക് പ്രധാനമന്ത്രി മെഡലുകൾ സമ്മാനിയ്ക്കും. കേന്ദ്രമന്ത്രി അമിത്ഷായും, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

മധ്യപ്രദേശിലെ ഉജ്ജയിനിൽ മാൽവി പ്രാദേശിക ഭാഷയിൽ റേഡിയോ പ്രക്ഷേപണം ആരംഭിച്ചു. കേന്ദ്രസഹമന്ത്രി ഡോ.L.മുരുകനും, ഡോ. മോഹൻ യാദവും പുതിയ പ്രക്ഷേപണ സേവനം ഉദ്ഘാടനം ചെയ്തു. മാൽവി പ്രാദേശിക ഭാഷയിൽ ഉജ്ജയിൻ റേഡിയോ സ്റ്റേഷനിൽ നിന്ന് വാർത്തകൾ ലഭ്യമാകും. മേഖലയിലെ മാൽവി ഭാഷയും, സംസ്കാരവും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രക്ഷേപണം ആരംഭിച്ചത്.

✪✪✪

ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണം ഹലാൽ സർട്ടിഫൈഡ് ആയിരിക്കണമെന്ന മാർഗ്ഗനിർദ്ദേശം റെയിൽവെ പുറപ്പെടുവിച്ചിട്ടില്ലെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. ട്രെയിനുകളിൽ നോൺ വെജിറ്റേറിയൻ ഭക്ഷണത്തിനുപയോഗിക്കുന്ന മാംസം ഹലാൽ ആക്കിയശേഷമാണ് ഉപയോഗിക്കുന്നതെന്ന പരാതിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ റെയിൽവെയ്ക്ക് നോട്ടീസ് അയച്ചെന്ന മാധ്യമറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ റെയിൽവെ മാംസത്തിന് ഹലാൽ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടിട്ടില്ലെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

2006 ലെ ഭക്ഷ്യസുരക്ഷാ നിലവാര മാനദണ്ഡങ്ങൾ പാലിച്ചാണ് ചിക്കൻ അടക്കം നോൺ വെജിറ്റേറിയൻ ഭക്ഷണം റെയിൽവെ നൽകുന്നതെന്ന് IRCTC വ്യക്തമാക്കി. ഗവൺമെന്റ് ഏർപ്പെടുത്തിയ മാനദണ്ഡപ്രകാരമാണിത്. ഭക്ഷണ നിർമ്മാതാക്കളും, വിതരണക്കാരും ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ നിലവാരനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നും IRCTC അറിയിച്ചു.

✪✪✪

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ പരീക്ഷകൾ കൃത്യസമയത്ത് നടത്തി കാലതാമസമില്ലാതെ ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ UGC നിർദ്ദേശം നൽകി. സർഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം വിദ്യർത്ഥികൾക്ക് തൊഴിലും അവസരങ്ങൾ നഷ്ടപ്പെടാൻ ഇടയാക്കുമെന്ന് UGC അറിയിച്ചു.

പ്രോസ്പെക്ടസിലോ അക്കാദമിക് കലണ്ടറിലോ വ്യക്തമാക്കിയത് പോലെ സമയബന്ധിതമായി പരീക്ഷയും ഫലപ്രഖ്യാപനവും നടത്തണമെന്നത് വിദ്യാർത്ഥികളുടെ അവകാശമാണെന്നും UGC വ്യക്തമാക്കി.

✪✪✪

ഗോവ രാജ്യാന്തര ചലച്ചിത്ര മേളയിലെ സുവർണ മയൂരം അടക്കം പുരസ്കാരങ്ങൾ വൈകിട്ട് പ്രഖ്യാപിക്കും. മികച്ച ചിത്രത്തിന് സുവർണ മയൂരവും 40 ലക്ഷം രൂപയുമാണ് പുരസ്കാരം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

മികച്ച നടൻ, സംവിധായകൻ തുടങ്ങിയവരെയും തിരഞ്ഞെടുക്കും. 80 രാജ്യങ്ങളിൽ നിന്ന് 240 ചലച്ചിത്രങ്ങളാണ് പ്രദർശനത്തിനുണ്ടായിരുന്നത്. പതിനഞ്ച് ചിത്രങ്ങൾ മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ചു.

ലോക രാജ്യങ്ങളിലെ നിരവധി ചിത്രങ്ങളും, മലയാളമടക്കം ഇന്ത്യൻ ഭാഷകളിലെ ചിത്രങ്ങളും മേളയിൽ പ്രേക്ഷകശ്രദ്ധ നേടി. പ്രശസ്ത ഛായാഗ്രാഹകൻ K വൈകുണ്ഠിനോട് ആദരസൂചകമായി പ്രത്യേക അനുസ്മരണ സ്റ്റാമ്പ് ഇന്നലെ മേളയിൽ പുറത്തിറക്കി.

ഡോ. ശ്യാമപ്രസാദ് മുഖർജി ഇൻഡോർ സ്റ്റേഡിയത്തിൽ വൈകീട്ട് സമാപന സമ്മേളനം ആരംഭിക്കും.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി. സ്ഥാനാർത്ഥികളും, മുന്നണി പ്രവർത്തകരും വോട്ടർമാരെ നേരിൽക്കണ്ട് അഭ്യർത്ഥനയുമായി പ്രചാരണരംഗത്ത് സജീവമാണ്. ദേശീയ- സംസ്ഥാന നേതാക്കൾ പങ്കെടുക്കുന്ന പഞ്ചായത്ത് മുൻസിപ്പൽ തല പൊതുയോഗങ്ങളും, റോഡ് ഷോകളുമായാണ് പ്രചാരണം ചൂടുപിടിയ്ക്കുന്നത്.

✪✪✪

ഇടുക്കി മൂലമറ്റത്ത് തദ്ദേശ തിരഞ്ഞെടുപ്പ് ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി രാവിലെ യൂത്ത് വോട്ടിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കും. സെന്റ് ജോസഫ്സ് കോളജിലെ പരിപാടിയിൽ ലീപ് ന്റെ

നേതൃത്വത്തിൽ പ്രശ്നോത്തിരി, നാടൻ കളികൾ, ഹ്രസ്വചിത്ര പ്രദർശനം, ചർച്ചകൾ തുടങ്ങിയവ ഉണ്ടായിരിക്കും.

✪✪✪

ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം ഒരു കോടി അറുപത്തി ഒന്നര ലക്ഷത്തോളമായെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 58 ശതമാനത്തോളമാണിത്. വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം അഞ്ച് ലക്ഷം കവിഞ്ഞതായും അദ്ദേഹം പറഞ്ഞു.

ഫോമുകൾ സ്വീകരിക്കാനും, അപ്‌ലോഡ് ചെയ്യാനും കൂടുതൽ ക്യാമ്പുകൾ സജ്ജമാക്കിയിട്ടുണ്ടെന്നും, ക്യാമ്പുകൾ കേന്ദ്രീകരിച്ച് പ്രവർത്തനം ഇന്നും തുടരുമെന്നും ഡോ. കേൽക്കർ അറിയിച്ചു.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ പ്രചരണാർത്ഥം ഡിസംബർ ഒന്നിന് കോഴിക്കോട് ബീച്ചിൽ സംഘടിപ്പിക്കുന്ന മെഗാ കൈറ്റ് ഫെസ്റ്റിവലിന് മുന്നോടിയായി കോളജ് വിദ്യാർത്ഥികൾക്ക് പട്ടം നിർമ്മാണ ശില്പശാല സംഘടിപ്പിച്ചു,. 15 കോളജുകളിലെ 300 വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കെടുത്തു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA-ക്കെതിരെ യുവതി മുഖ്യമന്ത്രിക്ക് പരാതി നൽകിയ സാഹചര്യത്തിൽ പാലക്കാട്ട് MLA ഓഫീസിലേക്ക് DYFI- BJP യുവമോർച്ച പ്രവർത്തകർ പ്രതിഷേധ മാർച്ച് നടത്തി. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ പൊലീസ് രാഹുലിന്റെ ഓഫീസിന് കാവൽ ഏർപ്പെടുത്തി. ഇന്നലെ ഉച്ചയോടെ സെക്രട്ടറിയേറ്റിൽ മുഖ്യമന്ത്രിയുടെ ഓഫീസിലെത്തിയാണ് യുവതി ഡിജിറ്റൽ തെളിവുകൾ ഉൾപ്പെടെ പരാതി നൽകിയത്.

മുഖ്യമന്ത്രിക്ക് തെളിവ് സഹിതം പരാതി കിട്ടിയ സ്ഥിതിക്ക് രാഹുൽ മാങ്കൂട്ടത്തിൽ രാജിവെക്കുകയാണ് നല്ലതെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. ഒരു നിമിഷം പോലും രാഹുൽ MLA സ്ഥാനത്തു തുടരാൻ പാടില്ലെന്നും ഗോവിന്ദൻ കൊച്ചിയിൽ അഭിപ്രായപ്പെട്ടു.

രാഹുൽ മാങ്കൂട്ടത്തിനെതിരായ പരാതി അതീവ ഗൗരവത്തോടെ കാണണമെന്ന് BJP മുൻ സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു. രാഹുലിനോട് രാജി വെക്കാൻ കോൺഗ്രസ്സ് ആവശ്യപ്പെടണമെന്നും സുരേന്ദ്രൻ നിർദേശിച്ചു.

രാഹുൽ മാങ്കൂട്ടത്തിലിനെതിരായ അതിജീവിതയുടെ പരാതി നിയമാനുസൃത നടപടികൾക്ക് വിധേയമാക്കട്ടെയെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് തിരുവനന്തപുരത്ത് പറഞ്ഞു, ശബരിമല സ്വർണ്ണകൊള്ള കേസ് മറച്ചുപിടിക്കാനാണ് വിവാദമെന്നും സണ്ണിജോസഫ് കുറ്റപ്പെടുത്തി.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ രാവിലെ കേഡറ്റുകളുടെ ബിരുദദാന ചടങ്ങിൽ ISRO ചെയർമാൻ ഡോക്ടർ V നാരായണൻ മുഖ്യാതിഥിയായി പങ്കെടുക്കും. നാളെ രാവിലെ പാസിംഗ് ഔട്ട് പരേഡിൽ സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ ആയിരിക്കും മുഖ്യാതിഥി.

പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിന് മുന്നോടിയായി, ഇന്നലെ വൈകിട്ട് കേഡറ്റുകൾ ഔട്ട്ഡോർ ട്രെയിനിങ് എക്സിബിഷൻ നടത്തി. ദക്ഷിണ നാവിക സേനാ മേധാവി വൈസ് അഡ്മിറൽ സമീർ സക്സേന, ഏഴിമല ഇന്ത്യൻ നേവൽ അക്കാദമി കമാണ്ടന്റ് മനീഷ് ചദ്ധ, അക്കാദമി ഡെപ്യൂട്ടി കമാണ്ടന്റ് പ്രകാശ് ഗോപാലൻ തുടങ്ങിയവർ സംബന്ധിച്ചു.

✪✪✪

ലേബർ കോഡുകളുമായി ബന്ധപ്പെട്ട് കേന്ദ്ര തൊഴിലാളി സംഘടനാ പ്രതിനിധികൾക്കൊപ്പം കേന്ദ്ര തൊഴിൽ മന്ത്രിയെ നേരിൽ കാണുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ഡിസംബർ 19 ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ലേബർ കോൺക്ലേവിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി കേന്ദ്രമന്ത്രിക്ക് കത്തു നൽകുമെന്നും മന്ത്രി കേന്ദ്ര ട്രേഡ് യൂണിയൻ ഭാരവാഹികളുമായി നടത്തിയ ഓൺലൈൻ യോഗത്തിൽ പറഞ്ഞു.

✪✪✪

ട്വന്റി-20 ലോകകപ്പ് നേടിയ ഇന്ത്യൻ വനിതാ ബ്ലൈൻഡ് ക്രിക്കറ്റ് ടീം അംഗങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കളിക്കാർ അവരുടെ പ്രചോദനകരമായ അനുഭവങ്ങൾ

പങ്കുവെച്ചതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ടീം അംഗങ്ങൾ പ്രധാനമന്ത്രിയ്ക്ക് ഒപ്പുവെച്ച ക്രിക്കറ്റ് ബാറ്റ് സമ്മാനിച്ചു.

✪✪✪

സന്തോഷ്ട്രോഫി ദേശീയ ഫുട്ബോൾ ഫൈനൽ റൗണ്ട് മത്സരങ്ങൾ ജനുവരിയിൽ അസമിൽ നടത്താൻ തീരുമാനിച്ചു. ഗ്രൂപ്പ്ഘട്ട മത്സരങ്ങൾ ഡിസംബർ 15 മുതൽ 26 വരെ ഒൻപത് വേദികളിലായിരിക്കും. 35 ടീമുകളാണ് ഒൻപത് ഗ്രൂപ്പുകളിലായി ഈ ഘട്ടത്തിൽ മത്സരിക്കുന്നത്. കഴിഞ്ഞ സീസണിൽ പശ്ചിമബംഗാൾ ചാമ്പ്യൻമാരും, കേരളം റണ്ണേഴ്സ്അപ്പുമായിരുന്നു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ വൈകിട്ട് കണ്ണൂർ വാരിയേഴ്സ് FC, കാലിക്കറ്റ് FC യെ നേരിടും. കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ ഏഴരയ്ക്ക് മത്സരം തുടങ്ങും.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ നാളെ വരെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാഹചര്യത്തിൽ ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി രാത്രി 11.30 വരെ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് തീരങ്ങളിലും, കന്യാകുമാരിയിലും ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ മെഡിക്കൽ സയൻസസിന്റെ പൂജപ്പുര ബയോ മെഡിക്കൽ ടെക്നോളജി വിഭാഗത്തിൽ, സ്പെയ്സ് മെഡിസിൻ ഗവേഷണ കേന്ദ്രവും, സിമുലേഷൻ ലാബും ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി ആരംഭിക്കുന്ന ബയോ

ആസ്ട്രോനോട്ടിക്സ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രഖ്യാപനവും നടത്തി. ISRO ചെയർമാൻ V നാരായണൻ മുഖ്യ പ്രഭാഷണം നടത്തി.

✪✪✪

മലപ്പുറം തിരൂരിൽ സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന്റെ ആദ്യദിവസം 70 പോയിന്റുമായി എറണാകുളം മുന്നിട്ടു നിൽക്കുന്നു. വയനാട് രണ്ടാം സ്ഥാനത്തും, തിരുവനന്തപുരം മൂന്നാം സ്ഥാനത്തുമുണ്ട്.

✪✪✪

കൊയിലാണ്ടിയിൽ കോഴിക്കോട് റവന്യൂ ജില്ലാ കലോത്സവം ഇന്ന് സമാപിക്കും. നിലവിൽ കോഴിക്കോട് സിറ്റി ഉപജില്ലയാണ് മുന്നിൽ.

✪✪✪

KPCC മുൻ സെക്രട്ടറി MA ലത്തീഫിനെതിരായ അച്ചടക്ക നടപടി പിൻവലിച്ചു. അദ്ദേഹത്തെ പാർട്ടിയിൽ തിരിച്ചെടുത്തതായി KPCC പ്രസിഡണ്ട് സണ്ണി ജോസഫ് തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

ഗുരുവായൂർ ഏകാദശി ദിവസമായ ഡിസംബർ ഒന്നിന് ചാവക്കാട് താലൂക്ക് പരിധിയിലെ ഗവൺമെന്റ് ഓഫീസുകൾക്കും, അങ്കണവാടികളടക്കം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി നൽകി. ജീവനക്കാർക്കും അവധി ബാധകമായിരിക്കും. എന്നാൽ പൊതുപരീക്ഷകളും, നിയമന പരീക്ഷകളും മുൻനിശ്ചയപ്രകാരം നടത്തും.

✪✪✪

കോഴിക്കോട്ട് രണ്ട് ദിവസങ്ങളിലായി നടത്തിയ ലോകായുക്ത സിറ്റിംഗിൽ 40 പരാതികൾ പരിഗണിച്ചു. നാലെണ്ണത്തിൽ തീർപ്പാക്കി. അടുത്ത സിറ്റിംഗ് ജനുവരി 21, 22 തിയതികളിലാണ്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*